# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 05/2025
# 28.06.2025 എ.കെ.ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ടിംഗ്
5. ഐഫെക്ടോ പ്രക്ഷോഭം
6. ദേശീയ പണിമുടക്ക്
7. മെമ്പർഷിപ്പ്
8. വിവിധ സബ്കമ്മറ്റികൾ
9. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, ഡോ. സി. പി. ബേബിഷീബ, ഡോ. പ്രിൻസ് പി. ആർ.,രഘുദാസ് പി. വി., ശശി സി. ടി., ഡോ. ഷജിലാ ബീവി, ഡോ.വിനീഷ്, ഡോ.അശോക്, സോബിൻ വർഗ്ഗീസ് എം.വി ഡോ. ഗായത്രിദേവി ജി., ഡോ. വിനീത പി., ഡോ.ജയരാജ് ജെ., ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. രമണി കെ. കെ., ഡോ.റിജുലാൽ ജി., ഡോ. രജിത സി. ആർ., ഡോ. ദീപ എ.കെ., ഡോ. ഷാനവാസ് പി. എച്ച്.,ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി. വി., ആൽബർട്ട് ആൻറണി ടി., ഡോ. ഹരിദാസൻ വി., ബ്രിജേഷ് എൻ. എസ്., ഡോ. സി. വി. ഷാജി, ഡോ. രാഹുൽ കെ., ഡോ. ഷിബു പി.വി., ഡോ. എം. എ. അസ്കർ, ഡോ.വിഷ്ണു വി.എസ്., ഡോ. ദിനേശ് പി.കെ.,ഡോ. മുഹമ്മദ് ബഷീർ ടി, ഡോ. റഹിം കെ., ഡോ.സുശാന്ത് പി, സജിത് കുമാർ പി, , ഡോ. അഗസ്റ്റിൻ എൻ.ജെ, സജീവ്. യു. എസ്, ഡോ. ഡോ. റോസ്നിക്സ്.

രാവിലെ 10ന് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ.വി. അനുശചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

അഹമ്മദാബാദ് വിമാനാപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവർ, മാനന്തവാടി ഗവ.കോളേജ് കൊമേഴ്സ് വിഭാഗം അസോസ്സിയേറ്റ് പ്രൊഫസറും എ.കെ.ജി.സി.ടി അംഗവുമായ അരുൺ.കെ, പ്രമുഖ കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ള, സി.പി.ഐ.എം പത്തനംതിട്ട ജില്ലാ മുൻ സെക്രട്ടേറിയറ്റ് അംഗം പ്രൊഫ. എ. ലോപ്പസ്, സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലും മരണപ്പെട്ടവർ എന്നിവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

എ.കെ.ജി.സി.ടി. ഭവൻ നവീകരണം /പ്രക്ഷോഭ ഫണ്ട് സമാഹരണം എന്നിവയുടെ പ്രവർത്തനം ഇനിയും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ജൂലൈ മാസത്തിൽ മെമ്പർഷിപ്പ് പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. ആയതിനാൽ ഫണ്ട് സമാഹരണം ഉടൻ പൂർത്തീകരിക്കുവാനാവശ്യമായ പ്രവർത്തങ്ങൾ യൂണിറ്റുകളിൽ നടത്തണം.

ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിനെതിരെ മെയ് മാസം 27ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന്റെ മണ്ഡലമായ ഭുവനേശ്വറിൽ നടന്ന പ്രതിഷേധ ധർണ്ണയിൽ സംഘടനയെ പ്രതിനിധീകരിച്ച് 13പേർ പങ്കെടുത്തു. പ്രക്ഷോഭ പരിപാടിയിൽ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു.സെപ്റ്റംബർ 13ന് വാരണാസിയിൽ നടക്കുന്ന ഐഫെക്ടോ പ്രക്ഷോഭത്തിൽ സംഘടനയുടെ പ്രാതിനിധ്യം സംബന്ധിച്ച് ഇന്ന് തീരുമാനമെടുക്കണം.

പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച കേസിൽ കോടതിയിൽ വാദം പൂർത്തിയായി വിധി പറയുന്നതിനായി മാറ്റിയിരിക്കുകയാണ്. പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവുകൾ ജൂലൈ ആദ്യവാരം പുറത്തിറങ്ങും. അനുവദിക്കപ്പെട്ട മുഴുവൻ തസ്തികയിലും സ്ഥലംമാറ്റം സാധ്യമാക്കണമെന്നാവശ്യപ്പെട്ട് സംഘടന സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. സംഘടനയുടെ അക്കാദമിക് ഡയറി, സംഘ ശബ്ദം സമ്മേളന പതിപ്പ് എന്നിവ അച്ചടി പൂർത്തീകരിച്ച് മുഴുവൻ യൂണിറ്റുകളിലും എത്തിച്ചിട്ടുണ്ട്. ഇവ രണ്ടും അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്ന കാര്യം നമ്മൾ ഉറപ്പ് വരുത്തണം.

എയ്ഡഡ് കോളേജ് സർവീസ് പരിഗണിക്കുക, പ്രിൻസിപ്പലിന്റെ താൽക്കാലിക ചുമതല വഹിക്കുന്നവർക്ക് പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കുക, പുതുക്കിയ വർക്ക് ലോഡ് ഉത്തരവ്, സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതിയുടെ കാലാവധി ദീർഘിപ്പിച്ച് എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുക, നാലു വർഷ ഡിഗ്രി കോഴ്സു നടത്തിപ്പുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന ചില ആശങ്കകൾ പരിഹരിക്കുക,കെ.റീപ്പിന്റെ ഭാഗമായി അധ്യാപകർക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുക, മഹാരാജാസ് കോളേജിലെ കോസ്റ്റ് ഷെയറിംഗ് കോഴ്സുകൾ റഗുല റൈസ് ചെയ്യുക, മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുക എന്നീ കാര്യങ്ങളിൽ സംഘടന ഉന്നത വിദ്യാഭ്യാസ മന്ത്രിയെ നേരിൽ കണ്ട് ചർച്ച ചെയ്യുകയും, വിശദാംശങ്ങൾ എഴുതി നൽകുകയും ചെയ്തു.

ഡി.എ, യു.ജി.സി അരിയർ, 2020ൽ സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് പുതിയ തസ്തിക സൃഷ്ടിക്കുക എന്നീ വിഷയങ്ങളിൽ സംഘടന ധനവകുപ്പിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട് ആവശ്യമായ ഇടപെടൽ തുടർന്നും നടത്തുന്നതാണ്. പറവൂർ കേസരി കോളേജ്, വയനാട് റൂസാ മോഡൽ കോളേജ് എന്നിവയിൽ ഈ അക്കാദമിക് വർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. ഈ വർഷത്തെ യൂണിറ്റ് സന്ദർശനം സംബന്ധിച്ച് ഇന്ന് തീരുമാനമെടുക്കണം. ജൂലൈ 9ന് നടക്കുന്ന ദേശീയ പണിമുടക്കിൽ മുഴുവൻ അധ്യാപകരും പങ്കെടുക്കണം. ഇതിനാവശ്യമായ സംഘടനാ പ്രവർത്തനം നടത്തണം.നാലു വർഷ ഡിഗ്രി കോഴ്സ് തുടങ്ങി ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ ഇതിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തേണ്ടതുണ്ട്. സർക്കാർകോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന എസ്.സി/എസ്.റ്റി കുട്ടികളുടെ സ്റ്റൈപ്പന്റ് വൈകുന്ന വിഷയം സംഘടന വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. എ.കെ.ജി.സി.ടി. ഭവൻ നവീകരണം/ പ്രക്ഷോഭ ഫണ്ട് എന്നിവ ജൂലൈ മാസത്തിൽ പൂർത്തീകരിക്കുവാൻ ആവശ്യമായ സംഘടനാ പ്രവർത്തനം യൂണിറ്റുകളിൽ നടത്തണം.

2. ജൂലൈ 9ന്റെ ദേശീയ പണിമുടക്കിൽ മുഴുവൻ അധ്യാപകരേയും പങ്കെടുപ്പിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ നടത്തണം.

3. യൂണിറ്റ് സെക്രട്ടറി/ പ്രസിഡന്റ് എന്നിവർക്ക് മേഖലാതലത്തിൽ നേതൃത്വ പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

4. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം ജൂലൈ മാസം ആരംഭിക്കണം.

5. യൂണിറ്റ് സന്ദർശനം ആഗസ്റ്റ് 30നകം പൂർത്തീകരിക്കണം. യൂണിറ്റ് സന്ദർശനത്തിനുള്ള ചുമതല താഴെ പറയും പ്രകാരം നൽകി.
   *തിരുവനന്തപുരം*: ഡോ. മുഹമ്മദ് റഫീഖ് ടി., സന്തോഷ് ടി. വർഗ്ഗീസ്, ഡോ. സുമി ജോയി ഓലിയപ്പുറം, *കൊല്ലം*: രഘുദാസ് പി. വി., ഡോ. രജിത സി. ആർ, *ആലപ്പുഴ*: ഡോ. മുഹമ്മദ് റഫീഖ്.ടി, ഡോ.വിനീത പി., *കോട്ടയം*: ഡോ. ബേബി ഷീബ സി. പി., ഡോ. രഞ്ജിത് മോഹൻ, *ഇടുക്കി*: ഡോ. പ്രിൻസ് പി. ആർ., ഡോ. ജയരാജ് ജെ., *എറണാകുളം*: ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗായത്രിദേവി ജി., *തൃശ്ശൂർ*: ഡോ. മഞ്ജുള കെ. വി., ഡോ. രമണി കെ. കെ., *മലപ്പുറം*: ഡോ. വിനു ഭാസ്കർ, ഡോ. റിജുലാൽ ജി., *പാലക്കാട്*: ഡോ. എൻ. മനോജ്, സോബിൻ വർഗ്ഗീസ് എം. വി., *കോഴിക്കോട്*: ഡോ. എൻ. മനോജ്, ഡോ. വിഷ്ണു വി. എസ്, ഡോ. ദീപ എ. കെ., *വയനാട്*: ശശി സി. ടി., ഡോ. സഞ്ജയ് കുമാർ എസ്., *കണ്ണൂർ*: ഡോ. എം. എസ്. മുരളി, ഡോ. ശരത് എസ്., *കാസർഗോഡ്*: ഡോ. മഞ്ജുള കെ. വി., ഡോ. ഷാനവാസ് പി.എച്ച്.

6. നാലു വർഷ ഡിഗ്രി കോഴ്സിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുവാൻ അക്കാദമിക് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

7. സെപ്റ്റംബർ 13ന് വാരണാസിയിൽ നടക്കുന്ന ഐഫെക്ടോ പ്രക്ഷോഭത്തിൽ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, രണ്ട് വൈസ് പ്രസിഡന്റുമാർ ഉൾപ്പെടെ അഞ്ച് പേർ സംഘടനയെ പ്രതിനിധീകരിച്ച് പങ്കെടുക്കും.

8. സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമതിയുടെ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തും.

9. സർക്കാർ കോളേജ് ഹോസ്റ്റൽ വാർഡൻ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവിലെ അപാകതകൾ തിരുത്തിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും.

10. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യുക, FYUGP സമ്പ്രദായം നിലവിൽ വന്നതിനാൽ വിദ്യാർത്ഥികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനായുള്ള പുതിയ അറ്റൻഡൻസ് മോണിറ്ററിംഗ് സിസ്റ്റം തയ്യാറാക്കുന്നതിന് ആവശ്യമായ ഫണ്ട് സർക്കാർ കോളേജുകൾക്ക്

അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ഡയറക്ടർക്ക് കത്ത് നൽകും.

11. പൊതുസ്ഥലമാറ്റത്തിന് ശേഷം എ.കെ.ജി.സി.ടി. അംഗങ്ങളുടെ യുണിറ്റ്തല വിവരം ശേഖരിക്കാൻ അക്കാദമിക് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

യോഗം 4.00ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
28-06-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി